**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2582** **24-06-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംഗമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2016-21 ലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വ്യവസായ വകുപ്പ് വ്യവസായ സംഗമങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെയെല്ലാം ചെലവ് സഹിതമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തേയ്ക്ക് കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനും നിക്ഷേപ സൗഹൃദമായി സംസ്ഥാനത്തെ മാറ്റുക എന്നിവ ലക്ഷ്യമിട്ട് ASCEND 2019, ASCEND 2020 എന്നീ വ്യവസായ സംഗമങ്ങൾ കെ.എസ്.ഐ.ഡി.സി സംഘടിപ്പിച്ചിരുന്നു. മേൽപ്പറഞ്ഞ വ്യവസായ സംഗമങ്ങളുമായി ബന്ധപ്പെട്ട് ആകെ ചെലവ് 309.32 ലക്ഷം രൂപയാണ്.<br><br>പ്രസ്തുത സംഗമങ്ങളിലൂടെ ആകെ 33,301.94 കോടി രൂപയുടെ നിക്ഷേപ താൽപര്യം ലഭിച്ചിട്ടുണ്ട്. അതിൽ 2259.26 കോടി രൂപയുടെ 47 പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചു. 6010.22 കോടി രൂപയുടെ 32 പദ്ധതികൾ പല ഘട്ടങ്ങളിലായി നിർമ്മാണ പ്രവർത്തനങ്ങളിലോ പദ്ധതിയുടെ പ്രാരംഭ നടപടികളുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയോയാണ്.<br><br>വ്യവസായ വാണിജ്യ ഡയറക്ടേറ്റ് മുഖേന ജില്ലാ തലത്തിലും താലൂക്ക് തലത്തിലും സൂക്ഷ്മ ചെറുകിട ഇടത്തരം (MSME) സംരംഭകരുടെ നിക്ഷേപ സംഗമങ്ങൾ സംഘടിപ്പിച്ച് വരുന്നു. 2016-21 മുതൽ നാളിതുവരെയുള്ള കാലയളവിൽ ജില്ലാ താലൂക്ക് തലങ്ങളിലായി ആകെ 493 നിക്ഷേപസംഗമങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സംഗമങ്ങൾ നടത്തുന്നതിലേയ്ക്കായി ആകെ 2.18 കോടി രൂപ ചെലവ് വന്നിട്ടുണ്ട്.<br><br>പ്രസ്തുത സംഗമങ്ങളിലൂടെ 8327 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർ നിക്ഷേപത്തിനായി മുന്നോട്ട് വരുകയും ഇവരിൽ 5071 സംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കുകയും അത് വഴി 901.94 കോടി രൂപയുടെ നിക്ഷേപം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇത് കൂടാതെ വ്യവസായ സംരംഭകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനായി മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയും നടത്തിയിരുന്നു. പ്രസ്തുത പരിപാടിയിലൂടെ നിരവധി നിക്ഷേപങ്ങൾ സംസ്ഥാനത്തേക്ക് ആകർഷിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംഗമങ്ങളിലൂടെ എത്ര തുകയുടെ നിക്ഷേപ വാഗ്ദാനങ്ങൾ ലഭിച്ചുവെന്നും അതിൽ എത്ര തുകയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | പിരിവ് (എ) യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ